പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1862 22.03.2012 - ലെ മറുപടിക്ക്

പി.എസ്.സി പരീക്ഷകൾക്കുള്ള പരിശീലനം

ചോദ്യം

ശ്രീ. എസ്. ശർമ്മ

(എ) പി. എസ്. സി. പരീക്ഷകൾക്കുള്ള പരിശീലനം സൗജന്യമായി സർക്കാർ നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(സി) പരിശീലനം ലഭിക്കുന്നതിന് വേണ്ടത്ര സൗകര്യമില്ലാത്ത ജില്ലകളിലുള്ളവർ പി. എസ്. സി. പരീക്ഷകളിൽ പിന്നോക്കം പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു പരിഹരിക്കുവാൻ എസ്.എസ്. എൽ.സി വിദ്യാർത്ഥികൾക്കു പഠന സഹായിയായി ഉപയോഗിക്കുന്ന വിഭവ പോർട്ടൽ, യുട്യൂബ് പോലുള്ള ആധുനിക സാങ്കേതിക വിദ്യയിലൂടെ വളരെ ലളിതമായ രീതിയിൽ പി. എസ്. സി. കോച്ചിംഗ് ക്ലാസ്സുകൾ ഉദ്യോഗാർത്ഥികൾക്കായി നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യമന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും

സംസ്ഥാനത്ത് പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പി. എസ്. സി. പരീക്ഷകൾക്കുള്ള പരിശീലനം നൽകി വരുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗം, ഒ.ബി.സി ഒ.ഇ.സി എന്നീ വിഭാഗങ്ങളിൽ പ്പെട്ട ഉദ്യോഗാർത്ഥികളെയാണ് പ്രസ്തുത പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിൽ തിരുവനന്തപുരം, പാലക്കാട്, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾക്കു പുറമേ, 36 സബ്സെന്ററുകൾ (Virtual PETC) തുടങ്ങുന്നതിനുള്ള നടപടികൾ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ